# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2024 –25

## ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.
## കോളേജ് പ്രവേശനം ജൂലൈ 22 മുതൽ 24 വരെ.

### നിർദ്ദേശങ്ങൾ

- വിദ്യാർത്ഥികൾക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.
- പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർക്ക് ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്നതാണ്.
- നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾക്ക് പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്.
- ജൂലൈ 22 മുതൽ 24 വരെ തീയതികളിലാണ് അഡ്മിഷൻ. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി Permanent Admission എടുക്കേണ്ടതാണ്.
- ഏതെങ്കിലും കാരണത്താൽ അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അഡ്മിഷൻ തീയതിയ്ക്ക് മുൻപായി അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.
- **നിലവിൽ അഡ്മിഷൻ ഉള്ളവർ (കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ ഒഴികെ) പുതിയ അലോട്ട്മെന്റ് ലഭിച്ചാൽ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക് മുൻപ് എടുത്ത അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല.**

- നിലവിൽ ഏതെങ്കിലും എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻനിൽ തൃപ്തരായിട്ടുള്ളവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതില്ല. അവരെ തുടർന്നുള്ള സപ്ലിമെന്ററി അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.
- നിലവിൽ ഏതെങ്കിലും എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷനിൽ തൃപ്തരല്ലാത്തവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിൽ ലഭിച്ച കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കാവുന്നതാണ്.
- ജൂലൈ 24ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതാണ്.
- താൽക്കാലിക അഡ്മിഷൻ (Temporary Admission) ഈ ഘട്ടത്തിൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ എല്ലാ സർട്ടിഫിക്കറ്റുകളു ടേയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്.
- വിദ്യാർത്ഥികൾ ഇപ്പോൾ ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ നിർബന്ധമായും ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യേണ്ടതാണ്. ഇല്ലെങ്കിൽ അടുത്ത അലോട്ട്മെന്റ് ഉള്ള പക്ഷം ഹയർ ഓപ്ഷൻ പരിഗണിക്കുന്നതായിരിക്കും.

രജിസ്ട്രാർ